# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*251 19.06.2018 ൽ മറുപടിയ്ക്ക്

## ജൈവ കാർഷിക നയം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ആർ. രാജേഷ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ജൈവകൃഷി പ്രോത്സാഹനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള ജൈവകാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന മേഖലയിലും വിപണന മേഖലയിലും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള ജൈവ കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടം, ഘട്ടമായി ജൈവ കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മണ്ണ്, ജല സംരക്ഷണ ഉപാധികൾ ഉറപ്പുവരുത്തുക വഴി പാരിസ്ഥിതിക സംരക്ഷണത്തിനും സുസ്ഥിര കൃഷിക്കുമായി മിശ്രിത കൃഷി രീതി പ്രോത്സാഹിപ്പിക്കുകയുണ്ടായി. അങ്ങനെ കാർഷിക മേഖലയിലെ ജൈവ വൈവിധ്യം സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>നിലവിൽ ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് 25195 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കുകയുണ്ടായി. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കാർഷിക പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഹെക്ടറിന് 3000 രൂപ ധനസഹായം കർഷകർക്ക് നൽകുന്നതാണ്. ഈ വർഷം 6575 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ കേന്ദ്രാ വിഷ്കൃത പദ്ധതിയായ PKVY ലും 2400 ഓളം ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കി വരുന്നു.<br>കൃഷിക്കാർക്ക് ഗുണനിലവാരമുള്ള ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ജൈവകൃഷിക്കാവശ്യമായ സാഹചര്യങ്ങളും സാമഗ്രികളും ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.<br>കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 1622 റ്റൺ |

കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും PKVY പദ്ധതിയിൽ 1903 മണ്ണിര കംമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. കൂടാതെ ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി VFPCK മുഖാന്തിരം 72 ലക്ഷം രൂപ ചെലവഴിച്ച് ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. PKVY പദ്ധതിയിൽ പഞ്ചഗവ്യം, ജീവാമൃതം, മറ്റ് ജൈവ കീടനാശിനികൾ, ജൈവവളങ്ങൾ എന്നിവ കൃഷിയിടത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള ധനസഹായവും സാമഗ്രികളും കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൽ ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി വ്യത്യസ്തമായ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുകയും, ജൈവ കർഷകർക്ക് സഹായകമായ രീതിയിൽ ലളിതമായ ജൈവ സർട്ടിഫിക്കേഷനു രൂപം നൽകുക എന്നിവ വഴിയും ജൈവ കൃഷിക്ക് പ്രോത്സാഹനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനും കർഷകർക്ക് ജൈവ ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിനുമായി 214 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം പുതുതായി 33 ഇക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ക്ലസ്റ്ററുകളുടെ ഉല്പന്നങ്ങൾ നഗര പ്രദേശങ്ങളിൽ വിപണനം നടത്തുന്നതിന് ഡയറക്ട് മാർക്കറ്റിംഗ് സംവിധാനത്തിനായി 50 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലളിതമായ രീതിയിലുള്ള GAP സർട്ടിഫിക്കേഷൻ രീതിയിലൂടെ 7500- ഓളം സർട്ടിഫിക്കറ്റുകൾ കഴിഞ്ഞ വർഷങ്ങളിൽ കർഷകർക്ക് നൽകുകയുണ്ടായി. GAP മാനദണ്ഡങ്ങൾ പിൻതുടരുന്ന GAP സെന്ററുകളിൽ നിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി വിൽക്കുന്നു. ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വില്പന നടത്തുന്നു. വിൽപ്പനയ്ക്ക് മുമ്പായി

ഉൽപ്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി "കേരള ഓർഗാനിക്" ബ്രാന്റിൽ ലേബൽ ചെയ്ത് വിപണനം നടത്തുന്നു.

**വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള നടത്തുന്ന പ്രവർത്തനങ്ങൾ**

സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിച്ച് കൃഷി ചെയ്യുകയും ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) പദ്ധതി കൗൺസിലിന് കീഴിൽ നടപ്പിലാക്കി വരുന്നു. ബംഗളൂർ ആസ്ഥാനമായുള്ള RCOF (Regoinal Centre for Organic Farming) കേരളത്തിലെ പഴം, പച്ചക്കറി മേഖലയിലെ ജൈവ കൃഷിയുടെ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള റീജണൽ കൗൺസിലായി VFPCK യെ അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവ കൃഷിയിൽ തല്പരരായ കർഷകരുടെ 224 പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഏകദേശം 1544 കർഷകർ ഉൾപ്പെടുന്ന ഈ സംഘങ്ങൾ വഴി എല്ലാ ജില്ലകളിലുമായി 751 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കി വരുന്നു. ഇതിനകം 19 കർഷകർക്ക് PGS സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

ഇതിനു പുറമേ കാസർഗോഡ് ജില്ലയിൽ കർഷകർക്ക് ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനും, ജൈവ പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്ന കർഷകർക്ക് പ്രൊഡക്ഷൻ സബ്സിഡി നൽകുന്നതിനുമായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ ആസ്ഥാനത്ത് ഒരു ജൈവവള ഉല്പാദന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ജൈവവളം, ജീവാണുവളം, വളർച്ച ത്വരകങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ ഈ യൂണിറ്റിൽ ലഭ്യമാണ്.

ഹരിത നഗരി പദ്ധതി വഴി പോർട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗുകളും തൈകളും ലഭ്യമാക്കുകയും

കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകി വരുകയും ചെയ്യുന്നു.

കർഷകർക്ക് ജൈവ കൃഷിയിൽ പരിശീലനം, ഉൽപാദന ഉപാധികൾ ലഭ്യമാക്കുന്നതിനുള്ള ധനസഹായം കൃഷിയിടത്തിൽ നിന്നും വിപണിയിലേയ്ക്ക് ഉല്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി തുടങ്ങിയവ കൂടാതെ കൗൺസിലിന്റെ കൃഷി ബിസിനസ് കേന്ദ്രങ്ങൾ, KAICO അഗ്രി സൂപ്പർ ബസാറുകൾ, കൃഷി വകുപ്പിന്റെ വിവിധ സർക്കാർ പദ്ധതികൾ എന്നിവവഴിയും ജൈവവളങ്ങൾ ലഭ്യമാക്കി വരുന്നു.

ജനകീയ ജൈവ പച്ചക്കറി കൃഷി സംരംഭമായ "ഓണത്തിന് ഒരുമുറം പച്ചക്കറി" പദ്ധതിയ്ക്ക് ആവശ്യമായ മുഴുവൻ വിത്തുകളും ലഭ്യമാക്കുന്നത് VFPCK യാണ്. ഒരു കോടിയിൽ പരം പച്ചക്കറി വിത്തുകിറ്റുകളാണ് ഈ സീസണിൽ VFPCK വിതരണം ചെയ്യുന്നത്. ഇത് കൂടാതെ നാടൻ വിത്തുകളുടെ ഉല്പാദനവും കൗൺസിൽ ലക്ഷ്യമിടുന്നു.

ബി) ജൈവ കാർഷികോത്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തന രീതി അറിയിക്കാമോ; ഇവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ബി) ജൈവ കർഷകരുടെ ഉന്നതിയ്ക്കായി സർക്കാർ തലത്തിൽ ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 214 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം ഇക്കോഷോപ്പുകൾക്കായി 215 ലക്ഷം രൂപ ചിലവഴിക്കുന്നുണ്ട്. പുതിയ ഇക്കോഷോപ്പുകൾക്കായി 2 ലക്ഷം രൂപയും കഴിഞ്ഞ സാമ്പത്തിക വർഷം സ്ഥാപിച്ച 149 ഇക്കോഷോപ്പുകൾക്ക് 1 ലക്ഷം രൂപ നിരക്കിൽ ധനസഹായവും നൽകുന്നുണ്ട്. ഈ വർഷം പുതുതായി 33 ഇക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ അധിക വില നൽകി ഇക്കോഷോപ്പുകളിൽ സംഭരിച്ച് ഉപഭോക്താക്കൾക്കായി വിപണനം നടത്തുന്നു. കർഷകർക്കാവശ്യമായ ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ, മറ്റ് ഉല്പാദന ഉപാധികൾ എന്നിവയുടെ വിപണനവും നടത്തുന്നു. കൂടാതെ ജൈവ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് 20 % അധിക വില നൽകി കർഷകരിൽ നിന്ന് സംഭരിക്കുകയും ഉപഭോക്താക്കളിലെത്തിക്കുകയും ചെയ്യുന്ന

സംവിധാനവും നിലവിൽ ഉണ്ട്. കൂടാതെ GAP മാനദണ്ഡങ്ങൾ പിൻതുടരുന്ന GAP സെന്ററുകളിൽ നിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി വിൽക്കുന്നു. ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വില്പന നടത്തുന്നു. വിൽപ്പനയ്ക്ക് മുമ്പായി ഉൽപ്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി "കേരള ഓർഗാനിക്" ബ്രാന്റിൽ ലേബൽ ചെയ്ത് വിപണനം നടത്തുന്നു.

| | |
|---|---|
| സി) ചെറുകിട കർഷകരുടെ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വിൽക്കുന്നതിനും ഉപഭോക്താക്കൾക്ക് പുതുമയുള്ള ഉല്പന്നങ്ങൾ വിശ്വസിച്ച വാങ്ങാനും കഴിയുന്ന തരത്തിൽ ഗ്രാമചന്തകൾ ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; | സി) ഉണ്ട്, കാർഷിക വിപണി വികസനം ശക്തിപ്പെടുത്തൽ 2017-18 പദ്ധതി പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 400 എണ്ണം ഗ്രാമ പഞ്ചായത്ത് തല ആഴ്ച ചന്തകൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) വിപണിയിലെ മാറ്റങ്ങൾ കർഷകരെ അറിയിച്ച് ഉചിതമായ വിപണന തന്ത്രങ്ങൾ സ്വീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഇ-വിപണി ആരംഭിച്ചിട്ടുണ്ടോ? | ഡി) ഉണ്ട്, എസ്.എഫ്.എ.സി നടപ്പിലാക്കുന്ന കാർഷിക വിവരസങ്കേതം പ്രോജക്റ്റിന്റെ ഭാഗമായി ആരംഭിച്ച www.krishi.info എന്ന വെബ്പോർട്ടലിൽ ഇ-വിപണി എന്ന പേജ് പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ ഇ-വിപണി എന്ന മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. |

Mayal

**സെക്ഷൻ ഓഫീസർ**